# അഭിപ്രായ വ്യത്യാസങ്ങളിൽ സലഫികളുടെ നിലപാട്

ഈ അടുത്ത കാലത്തായി സ്ത്രീകൾ മുഖം മറക്കുന്ന വിഷയത്തെ കുറിച്ചുള്ള ചോദ്യം അധികരിച്ചിട്ടുണ്ട്, മുഖം തുറന്നിടുന്നത് അനുവദിച്ച് കൊണ്ടുള്ള ചില പണ്ഡിതന്മാരുടെ വാക്കുകൾ ചില സ്ത്രീകൾ തെളിവാക്കുന്നുണ്ട്, അത് പോലെ ചിലർ തോളിൽ അബായ ഇടാമെന്നുള്ള അഭിപ്രായവും പറയുന്നു, ഈ വിഷയത്തിൽ അഭിപ്രായ വ്യത്യാസം ഉണ്ട് എന്ന് പറഞ്ഞാണ് അവർ അങ്ങനെ ചെയ്യുന്നത്,

ചോദ്യം: അഭിപ്രായ വ്യത്യാസമുള്ള ഏതൊരു വിഷയത്തിലും ഏതൊരു അഭിപ്രായവും എടുത്ത് പ്രവർത്തിക്കാം എന്നാണോ? ഫ്രഞ്ച് പർദ ഇടുന്നതിന്റെ വിധിയെന്താണ്?

ഉത്തരം: അഭിപ്രായ വ്യത്യാസം തെളിവാക്കുന്നത് തങ്ങളുടെ മനസ്സിന്റെ താൽപര്യങ്ങൾ പിന്തുടരാൻ ആഗ്രഹിക്കുന്ന ദേഹേച്ഛയുടെ ആളുകൾ മാത്രമാണ്, അല്ലാഹുവിനെ പേടിക്കുന്ന ആളാണെങ്കിൽ അവൻ അഭിപ്രായ വ്യത്യാസം തെളിവാക്കുകയില്ല, അവൻ തെളിവ് മാത്രമെ തെളിവാക്കുകയുള്ളൂ. അഭിപ്രായ വ്യത്യാസം ഉള്ളതാണ്, ഫിഖ്ഹിന്റെ മസ്അലകളിൽ ഏകദേശം എല്ലാ മസ്അലകളിലും അഭിപ്രായ വ്യത്യാസമു□ ്, അത് കൊണ്ടാണ് അല്ലാഹു നമ്മോട് ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങാൻ പറഞ്ഞത്

فَإِن تَنَٰزَعۡتُمۡ فِي شَيۡءٖ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمۡ تُؤۡمِنُونَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ ذَٰلِكَ خَيۡرٞ وَأَحۡسَنُ تَأۡوِيلًا ٥٩

“വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പിലായാൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക.നിങ്ങൾ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേ□ ത്).അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനവും.”[1]

---

1.سورة النساء ٥٩

അഭിപ്രായ വ്യത്യാസം പലതിലും ഉണ്ട്, അങ്ങനെ ഉണ്ടാകുമ്പോൾ നമ്മുടെ ആഗ്രഹത്തിനും ദേഹേച്ഛക്കും ചേർന്നത് എടുക്കുക എന്നത് അനുവദനീയമല്ല, അത് പോലെ നമ്മുടെ ദേഹേച്ഛക്ക് എതിരായത് കൊ□്, ദലീൽ കൊണ്ട് തെളിയിക്കപ്പെട്ടത് ഉപേക്ഷിക്കാനും പാടില്ല. ഇത് അനുവദനീയമല്ല.

നിർബന്ധമായ ബാധ്യത എന്ന് പറയുന്നത് അഭിപ്രായ വ്യത്യാസങ്ങളിൽ ഖുർആനിനും സുന്നത്തിന്നും യോജിച്ചത് നമ്മൾ തിരഞ്ഞെടുക്കണം, ഹിജാബിന്റെ വിഷയത്തിലോ മറ്റ് ഏത് വിഷയത്തിലാണെങ്കിലും. ഹിജാബ് നിർബന്ധമാണ് എന്നതിന് തെളിവുകൾ ഉണ്ടെന്ന് നിങ്ങൾക്ക് അറിയാം. കാരണം റസൂലിന്റെ മുകളിൽ ഇറങ്ങിയ അവസാനത്തെ കൽപ്പന ഹിജാബിന്റെ വിഷയത്തിലാണ്, അല്ലാഹു റസൂലിന്റെ ഭാര്യമാർക്കും പെൺകുട്ടികൾക്കും മു'അ്മിനീങ്ങളായ സ്ത്രീകൾക്കും ഹിജാബ് നിർബന്ധമാക്കി.

അങ്ങനെ എങ്കിൽ (നബിയുടെ ഭാര്യമാർ ഒഴികെ) മറ്റു മു'അ്മിനീങ്ങളായ സ്ത്രീകൾക്ക് ഹിജാബ് നിർബന്ധമല്ല എന്ന് പറഞ്ഞു കൊ□് ഒരാൾ വന്നാലുള്ള അവസ്ഥ എന്താണ്?! ഹിജാബ് നബിയുടെ ഭാര്യമാർക്ക് മാത്രം എന്ന് പറയുന്നത് എന്തൊരു അവസ്ഥയാണ്!

അല്ലാഹു പറയുന്നത് ഇങ്ങനെയാണ് :

وَنِسَآءِ ٱلْمُؤْمِنِينَ

''സത്യവിശ്വാസികളുടെ ഭാര്യമാരും''[2] എന്ന്.

എന്നിട്ട് ഒരു ജാഹിൽ വന്ന് പറയുന്നു നബിയുടെ ഭാര്യമാർക്കും കുട്ടികൾക്കും അല്ലാത്തവർക്ക് ഇത് ബാധകമല്ല എന്ന,ബുദ്ധിയുള്ള ഒരാൾ ഇങ്ങനെ പറയുമോ! ഒരു ദുരുദ്ദേശം ഉള്ള ദേഹ ഇഛ ഉള്ള ഒരാൾ അല്ലാതെ മറ്റാരും ഇങ്ങനെ പറയുക ഇല്ല.

---

2. سورة الأحزاب ٥٩

അബായയുടെ വിഷയമാണെങ്കിൽ അത് അലങ്കാരത്തിന് ധരിക്കുന്ന വേഷം അല്ല, ശരീരത്തിന്റെയും വസ്ത്രത്തിന്റെയും ഭംഗി മറച്ച് വെക്കാനാണ് . ഒരു സ്ത്രീ ധരിച്ചിട്ടുള്ള തല മുതൽ കാൽ വരെ ഉള്ള വസ്ത്രമാണ് അബായ എന്ന് പറയുന്നത്, അത് ഭംഗിക്ക് വേ□ ി ഇടുന്നതല്ല അത് ഭംഗി മറച്ച് വെക്കാൻ വേണ്ടി ഇടുന്നതാണ്. ഫ്രഞ്ച് അബായയോ അല്ലെങ്കിൽ മറ്റേതെങ്കിലുമോ അത് ഭംഗി മറച്ച് വെക്കുന്നില്ലെങ്കിൽ (ഭംഗിക്ക് വേണ്ടി) ധരിക്കുന്നതാണെങ്കിൽ അത് ഹറാമാണ്, ഒരിക്കലും അനുവദിക്കപ്പെടുകയില്ല. അബായ തോളിൽ ഇടാൻ പാടില്ല. അത് തോളിൽ ഇടാം എന്ന് പറഞ്ഞത് ആരാണ്?! തട്ടം പോലെ തന്നെയാണ് അബായയും അത് തലയിലാണ് ഇടേണ്ടത് എന്നിട്ട് കാല് വരെ അത് ഇറക്കി ഇടുക, കാരണം തലയും കഴുത്തും ശരീരം മുഴുവനും മറച്ച് വെക്കണം.

**"تأملات في أواخر سورة الأحزاب" للشيخ صالح بن فوزان بن عبد الله الفوزان : ص٤٩,٥٠,٥١**